(സി&ഡി) SAMETI-യിൽ കർഷകർക്ക് പരിശീലനം നൽകുന്നില്ല. എന്നാൽ കൃഷി വകുപ്പിന്റെ കീഴിൽ കർഷകർക്ക് പരിശീലനം നൽകുന്നതിന് 5 ആർ.എ.റ്റി.റ്റി.സി കളും 2 എഫ്.റ്റി.സി. കളും പ്രവർത്തിക്കുന്നുണ്ട്. കൃഷി ഭവൻ മുഖേന തെരഞ്ഞെടുക്കുന്ന കർഷകർക്ക് 2-3 ദിവസം നീണ്ടു നിൽക്കുന്ന പരിശീലനങ്ങൾ നൽകി വരുന്നുണ്ട്. പരിശീലന കാലയളവിൽ കർഷകർക്ക് യാത്രാബത്ത നൽകി വരുന്നു.

കേരള കാർഷിക സർവ്വകലാശാലയുടെ വാഹനങ്ങൾ ജില്ലാഭരണ കൂടം നിരന്തരം ആവശ്യപ്പെടുന്നത് സംബന്ധിച്ച്

217 (5651) ശ്രീ. സി. പി. മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള കാർഷിക സർവ്വകലാശാലയുടെ വെള്ളാനിക്കര,മണ്ണുത്തി കാമ്പസ്സുകളിലെ വിവിധ വാഹനങ്ങൾ തൃശ്ശൂർ ജില്ലാ കളക്ടറേറ്റിലേക്ക് താരതമ്യേന അപ്രധാനമായ ചില ഓഫീസ് ഉപയോഗങ്ങൾക്ക് കൊണ്ടു പോകുന്നതായി സർവ്വകലാശാല സർക്കാരിനെ അറിയിച്ചിട്ടുണ്ടോ ; ഇതു സംബന്ധിച്ച് സർക്കാരിനോട് ഏതെങ്കിലും വിധത്തിലുള്ള മാർഗ്ഗനിർദേശം ലഭിക്കുന്നതിന് സർവ്വകലാശാല അപേക്ഷിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ കൃഷി വകുപ്പിലെ ഫയൽ നമ്പർ12874/എ.എഫ്.2/08/ എഡി യിൽ തീർപ്പ് കൽപ്പിക്കുവാനുള്ള കാലതാമസം വെളിപ്പെടുത്തുമോ ;

(സി) കൃഷി വകുപ്പിൽ നിന്നും റവന്യൂ വകുപ്പിലേക്ക് ഇതുസംബന്ധിച്ച് എന്തെങ്കിലും വിവരങ്ങൾ ആവശ്യപ്പെട്ട് കത്തയച്ചിട്ടുണ്ടോ ;

(ഡി) ഇതുസംബന്ധിച്ച് തൃശ്ശൂർ ജില്ലാ കളക്ടറേറ്റിൽ നിന്നും വിവരങ്ങൾ അറിയിക്കുന്നതിന് കാലതാമസം ഉണ്ടായിട്ടുണ്ടോ ;

(ഇ) ഉണ്ടെങ്കിൽ എന്നാണ് ഇത് സംബന്ധിച്ച് തൃശ്ശൂർ ജില്ലാ കളക്ടർക്ക് ക്ലാരിഫിക്കേഷൻ നൽകുവാൻ കത്തയച്ചത് ;

(എഫ്) കാർഷിക സർവ്വകലാശാലയുടെ വാഹനങ്ങൾ അപ്രധാനമായ ആവശ്യങ്ങൾക്ക് തൃശ്ശൂർ ജില്ലാ കളക്ടറേറ്റ് ഉപയോഗിക്കുന്നുണ്ടെന്ന് ഇതിനോടകം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇല്ലെങ്കിൽ സർവ്വകലാശാല ആവശ്യപ്പെട്ട മാർഗ്ഗനിർദ്ദേശങ്ങൾ സർക്കാർ ഉടൻ നൽകുമോ എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ-സി) പ്രസ്തുത ഫയൽ റവന്യൂ വകുപ്പിന്റെ അഭിപ്രായത്തിനായി അയച്ചിരിക്കുകയാണ്.

(ഡി-എഫ്) ആയത് പരിശോധിച്ചു വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly